പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4556 — 29.06.2012 ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പു പദ്ധതിക്ക് മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല വഹിക്കുന്ന മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ; എങ്കിൽ വിശദമാക്കാമോ ; | എ) | ഉണ്ട്, തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേറ്റുമാരെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നം.23804/ഡിഡി2/12/തസ്വഭവ തീയതി 23.05.2012 സർക്കാർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.<br>1. ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി വാളന്റിയർമാരിൽ നിന്ന് മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിന് പകരം തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്നും മേറ്റുമാരെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കാവുന്നതാണ്.<br>2. ഒരു വാർഡിൽ മുൻ വർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുത്ത കുടുബത്തിലെ/ കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസ യോഗ്യത എങ്കിലും ഉള്ള വനിതകളെ ആയിരിക്കണം മെയ്റ്റായി നിർദ്ദേശിക്കേണ്ടത്.<br>3. രാഷ്ട്രീയ പാർട്ടികളുടെ സജീവ പ്രവർത്തകരെ മേറ്റുമാരായി നിയമിക്കാൻ പാടുള്ളതല്ല.<br>4. ഒരു വാർഡിൽ ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെടുന്ന മേറ്റുമാരുടെ 1/3 എസ്.സി/എസ്സ്.റ്റി വാഭാഗത്തിൽപ്പെട്ടവർ ആയിരിക്കേണ്ടതാണ്.<br>5. മേറ്റുമാരെ തെരഞ്ഞെടുക്കുമ്പോൾ അർഹരായ വികലാംഗർ ഉണ്ടെങ്കിൽ അവരെ മുൻഗണന നല്കി മേറ്റുമാരായി നിയമിക്കേണ്ടതാണ്.<br>6. മുകളിൽ സൂചിപ്പിച്ച യോഗ്യതകൾ ഉള്ള മെയ്റ്റുമാരെ വാർഡുതല കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കേണ്ടതും |

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറി നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

7. മേറ്റുമാർ നിർബന്ധമായും 14 ദിവസം കൂടുമ്പോൾ മാറിയിരിക്കേണ്ടതാണ്.
8. ഒരു പ്രവൃത്തിയിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾ കുറഞ്ഞത് 40 പേർ ഉണ്ടെങ്കിൽ മാത്രമേ ഒരു പൂർണ്ണ സമയ മേറ്റിനെ നിയോഗിക്കേണ്ട ആവശ്യമുള്ളു. പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം നാല്പതിൽ കുറവാണെങ്കിൽ മേറ്റിനെ തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്. തൊഴിലിനുള്ള അപേക്ഷ നാല്പതിൽ കൂടുതൽ തൊഴിലാളികൾ നല്കുകയും എന്നാൽ പണിസ്ഥലത്തെ ഹാജർ 40 ൽ താഴെയും ആയിരിക്കുകയാണെങ്കിൽ മേറ്റ് നിർബന്ധമായും തൊഴിലിൽ പങ്കെടുക്കേണ്ടതും ഹാജർ മേറ്റിന്റെ കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
9. പണി സ്ഥലത്തേക്ക് സാധന സാമഗ്രികൾ ഉപയോഗിക്കേണ്ടിവരികയാണെങ്കിൽ, അത്തരം സാധന സാമഗ്രികൾ വിതരണക്കാരിൽ നിന്നും ഏറ്റുവാങ്ങി സൂക്ഷിക്കേണ്ടതും പണി സ്ഥലത്തെ ആവശ്യമനുസ്സരിച്ച് വിതരണം ചെയ്യേണ്ടതും അതിന്റെ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ബാക്കി വരുന്ന സാധന സാമഗ്രികൾ എൻജിനീയറെ തിരികെ ഏല്പിക്കേണ്ടതും മേറ്റുമാരുടെ ഉത്തര വാദിത്വം ആയിരിക്കും.

| | | | |
|---|---|---|---|
| ബി) | **കുടുംബശ്രീ, എ.ഡി.എസ് വോളണ്ടിയർമാരിൽ നിന്ന് മേറ്റുമാരെ തെരഞ്ഞെടുക്കരുതെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;** | ബി) | ഇല്ല |
| സി) | **എങ്കിൽ പ്രസ്തുത നിർദ്ദേശം പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കുമോ?** | സി) | മുൻ വർഷങ്ങളില എ.ഡി.എസിലെ ചില അംഗങ്ങൾ പദ്ധതിയിൽ തൊഴിലാളികളായി പണിയെടുക്കാതെ മേറ്റുമാരുടെ ചുമതല മാത്രം നിർവ്വഹിച്ച് പോരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ഇത്തരം ഒരു മാറ്റം നിർദ്ദേശിക്കപ്പെട്ടത്. |

**സെക്ഷൻ ഓഫീസർ**